# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2772** 18/08/2017 -ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ പി.റ്റി.എ.കമ്മറ്റികളുടെ ചുമതലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ബാബു : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിലെ പി.റ്റി.എ. കമ്മറ്റികളുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) സ്കൂളിന്റെ സർവതോന്മുഖമായ വികസനത്തിന് ആവശ്യമായ ജനകീയാടിത്തറ സൃഷ്ടിക്കുക എന്നതാണ് അധ്യാപക-രക്ഷാകർതൃ സമിതികളുടെ പരമപ്രധാനമായ ചുമതല. സ്കൂളിന്റെ ഭൗതികവും അക്കാദമികവും ആയ പുരോഗതി മുൻനിർത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സ്കൂൾ അധികൃതരുടെ സഹായത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നത് ഈ സമിതികളാണ്. |
| (ബി) സ്കൂളുകൾ മെച്ചപ്പെടുത്താൻ പി.റ്റി.എ. കമ്മറ്റികൾ നടത്തേണ്ട പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) സ്കൂളിന്റെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാണ് അധ്യാപക രക്ഷാകർതൃ സമിതികൾ എന്നതിനാൽ സമിതി ജനറൽ ബോഡിയിലോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ പ്രസ്തുത ലക്ഷ്യം മുൻനിർത്തി തീരുമാനിക്കുന്ന പ്രവർത്തനങ്ങളെല്ലാം പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള ഉത്തരവാദിത്തം സമിതിക്കുണ്ട്. കുട്ടികളുടെ മാനസികവും, ബൗദ്ധികവും ശാരീരികവുമായ വളർച്ചയ്ക്കുവേണ്ടി ഫലപ്രദമായ അധ്യാപക-രക്ഷകർതൃ സഹകരണം ഉറപ്പാക്കുക, സ്കൂളിന്റെ സാമൂഹ്യ സാംസ്കാരിക, സാമ്പത്തിക പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് അധികൃതരുടെ സഹായത്തോടെ നടപ്പാക്കുക തുടങ്ങി സ്കൂളിന്റെ |

അക്കാദമികവും ഭൗതികവുമായ പുരോഗതിക്കാവശ്യമായ ഏതു പ്രവർത്തനങ്ങളും പി റ്റി എ കമ്മിറ്റികളുടെ നേതൃത്വത്തിൽ നടപ്പാക്കാവുന്നതാണ്.

| | | |
|---|---|---|
| (സി) | പൊതുവിദ്യാലയങ്ങളിൽ പി.റ്റി.എ. (സി) കമ്മറ്റിക്കുള്ള അധികാരങ്ങൾ വിശദമാക്കാമോ? | സ്കൂളിന്റെ സർവതോന്മുഖമായ പുരോഗതിക്ക് ആവശ്യമായ കാര്യങ്ങൾ പി റ്റി എ ജനറൽ ബോഡിയിലോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ ചർച്ച ചെയ്ത് തീരുമാനിച്ച് അവ നടപ്പാക്കുന്നതിനുള്ള അധികാരാവകാശങ്ങൾ പി റ്റി എ കമ്മിറ്റികൾക്കുണ്ട്. |

സെക്ഷൻ ഓഫീസർ